# വാർഡ് തിരിച്ചുള്ള ജനസംഖ്യ

പട്ടിക– 1

| വാർഡ് | ആകെ | ഗ്രാമസഭ ക്വാറം |
|---|---|---|
| 1– പൊന്ന്യംപാലം | 1122 | 112 |
| 2– മനയത്ത് വയൽ | 1289 | 129 |
| 3– താഴെ ചമ്പാട് | 1212 | 121 |
| 4– അരയാക്കൂൽ | 1297 | 130 |
| 5– കിഴക്കെ ചമ്പാട് | 1302 | 130 |
| 6– കോട്ടക്കുന്ന് | 1308 | 130 |
| 7– വടക്കേ പന്ന്യന്നൂർ | 1282 | 129 |
| 8– കിഴക്കേ പന്ന്യന്നൂർ | 1129 | 113 |
| 9– തെക്കെ പന്ന്യന്നൂർ | 990 | 100 |
| 10–പടിഞ്ഞാറെ പന്ന്യന്നൂർ | 978 | 98 |
| 11– പന്ന്യന്നൂർ | 1048 | 105 |
| 12–കുണ്ടുകുളങ്ങര | 1369 | 137 |
| 13–സെൻട്രൽ മനേക്കര | 925 | 93 |
| 14– മനേക്കര | 961 | 96 |
| 15–പുഞ്ചക്കര | 1315 | 132 |
| 16–മീത്തലെ ചമ്പാട് | 1064 | 106 |

## 2011 സെൻസസ് പ്രകാരം പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ

## മതാടിസ്ഥാനത്തിലുള്ള ജനസംഖ്യാ പട്ടിക

പട്ടിക–2

| മത വിഭാഗം | ആകെ ജനസം ഖ്യ | പുരുഷ ജനസം ഖ്യ | സ്ത്രീജന സംഖ്യ | ജനസം ഖ്യ ശതമാന ത്തിൽ | സാക്ഷര ത |
|---|---|---|---|---|---|
| ഹിന്ദു | 14940 | 6953 | 7957 | 66.8% | 66.81% |
| മുസ്ലീം | 7320 | 3053 | 4267 | 32.81% | 30.02% |
| ക്രിസ്ത്യൻ | 56 | 29 | 27 | 0.25% | 0.26% |
| മതം വ്യക്തമാ ക്കാത്തവർ | 18 | 10 | 8 | 0.08% | 0.7% |

## പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് സെൻസസ് 2011
## തൊഴിൽചെയ്യുന്ന ജനസംഖ്യാ വിവരണ പട്ടിക

പട്ടിക–3

| വിഭാഗം | ആകെ | ആൺ | പെൺ |
|---|---|---|---|
| ആകെ തൊഴിൽ ചെയ്യുന്നവർ | 5871 | 4728 | 1143 |
| മുഴവൻ സമയ തൊഴിലാളികൾ | 4923 | 4079 | 844 |
| കൃഷിക്കാർ | 28 | 24 | 4 |
| കാർഷിക തൊഴിലാളികൾ | 148 | 119 | 29 |
| ഗാർഹികാധിഷ്ഠിത വ്യവസായം | 67 | 56 | 11 |
| മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടവർ | 4680 | 3880 | 800 |
| നാമമാത്ര തൊഴിലാളികൾ | 948 | 649 | 299 |
| തൊഴിൽ ചെയ്യാത്തവർ | 16437 | 5319 | 11118 |

പട്ടിക 3–ൽ സൂചിപ്പിച്ചത് പോലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ 16437 പേർ തൊഴിലില്ലാത്തവരാണ്. അതിൽ 5319 പുരുഷന്മാരും 11118 സ്ത്രീകളുമാണ്. ഇതിൽ പ്രായമായവരും വിദ്യാർത്ഥികളും ഉൾപ്പെടുന്നുണ്ട്. നിലവിലെ സാമ്പത്തിക

സാഹചര്യങ്ങൾ, ആഗോള മത്സരം, വിദ്യാഭ്യാസം, തൊഴിൽ സാധ്യതയിലുള്ള കുറവ് എന്നിവയും കാരണങ്ങളാകാം. കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ഇന്ത്യയിലെ ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. കേരള നിയമസഭയിൽ അവതരിപ്പിച്ച സാമ്പത്തിക അവലോകന റിപ്പോർട്ട് 2018–19 പ്രകാരം യുവാക്കൾക്കിടയിലെ നിലവിലെ നിരക്ക് 36% ആണെന്ന് വെളിപ്പെടുത്തുകയുണ്ടായി. ഇത് ദേശീയ ശരാശരി നിരക്കായ 17% ഇരട്ടിയിലധികമാണ്. സംസ്ഥാനത്തിൻറെ തൊഴിലില്ലായ്മ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ കുറക്കുന്നതിനായി കേരള സർക്കാർ ചില നയങ്ങളും പദ്ധതികളും ആരംഭിച്ച് മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുന്നത് ശുഭോദർക്കമായ കാര്യമാണ്. കേരളത്തിൽ കൊറോണക്ക് ശേഷം വിവിധ വിദേശ രാജ്യങ്ങളിൽ നിന്ന് വന്നെത്തിയിട്ടുള്ള ഗൾഫ് പ്രവാസികളുടെ പ്രശ്നങ്ങളെക്കൂടി അഭിസംബോധന ചെയ്യേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തിൻറെ മനുഷ്യവിഭവശേഷി ഉൾപ്പെടുത്തി കൂടുതൽ സേവന, വ്യാവസായിക ജോലികളും സ്വയം സംരംഭകത്വ ജോലി സാധ്യതയും ഉൾപ്പെടുത്തി മുന്നോട്ട് പോകുക എന്നതാണ് സർക്കാർ നയത്തിനൊപ്പം ചേർന്ന് നിന്ന് ചെയ്യാൻ കഴിയുന്ന കാര്യം.

തൊഴിലില്ലായ്മ രൂക്ഷമായ അവസ്ഥയിലും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കുടിയേറിയ തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നു എന്നതും അവർക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നു എന്നതും വിലയിരുത്തേണ്ടതുണ്ട്. നമ്മുടെ നാട്ടിലെ തൊഴിൽ രഹിതർ വെള്ളക്കോളർ ജോലിക്ക് കൂടുതൽ താല്പര്യം കാണിക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

# ജലപ്രകൃതി

നമ്മുടെ പഞ്ചായത്തിൻറെ ജലലഭ്യത പ്രധാനമായും കാലവർഷത്തെ ആശ്രയിച്ചിരിക്കുന്നു. ഉയർന്ന പ്രദേശങ്ങളി ൽ മഴ കുറഞ്ഞ മാസങ്ങളിൽ ജലദൌർലഭ്യം അനുഭവപ്പെടുന്നു. ഭൂഗർഭജല ലഭ്യത നമ്മുടെ പഞ്ചായത്തിൽ പൊതുവെ ഇല്ലെന്ന് തന്നെ പറയാം (Water availability Map കാണുക). കിണറുകൾ, കുളങ്ങൾ, തോടുകൾ, പഞ്ചായത്ത് അതിർത്തിയിലൂടെ കടന്നുപോകുന്ന ചാടാലപ്പുഴ എന്നിവയാണ് പ്രധാന ജലസ്രോതസ്സുകൾ. 5541 കിണറുകളും 111 കുളങ്ങളും പഞ്ചായത്തിലുണ്ട്.

| | വറ്റുന്നത് | വറ്റാത്തത് | ആകെ |
|---|---|---|---|
| കിണർ | 798 | 4743 | 5541 |
| കുളം | 60 | 51 | 111 |

(അവലംബം - നീർത്തട മാസ്റ്റർപ്ലാൻ - പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് ) മഴവെള്ളം ഒഴുകി പോകുന്നതിനുള്ള ശൃംഖല പഞ്ചായത്തിൻറെ വിവിധ ഭാഗങ്ങളിൽ ഉണ്ടെങ്കിലും ഇവ വേനൽക്കാലത്ത് വരളുന്നവയാണ്.

ചാടാലപ്പുഴയിൽ 1997-98-ൽ നിർമ്മിച്ച ചെക്ക്ഡാം ആണ് 3 ഗ്രാമപഞ്ചായത്തുകളിലെ (കതിരൂർ, മൊകേരി, പന്ന്യന്നൂർ) തൊട്ടുകിടക്കുന്ന മേഖലകളിൽ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിലും, വീട്ടുകിണറുകളിലും, കുണ്ടുകുളങ്ങളിലും ജലലഭ്യതയ്ക്കും നിദാനം . ഏതാണ്ട് 7 ഏക്കർ സ്ഥലത്തെ കൃഷിസ്ഥലം ഉപയോഗയോഗ്യമല്ലാതായപ്പോൾ ചെക്ക് ഡാം വന്നതോടെ 3 ഗ്രാമപഞ്ചായത്തുകളിൽ കൃഷിക്കും കുടിവെള്ളത്തിനും ഏറെ പ്രയോജന പ്രദമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൻറെ മധ്യഭാഗത്തുകൂടി കടന്നു പോവുന്നതും 3 കി.മീറ്ററിലേറെ ദൈർഘ്യമുള്ളതുമായ ചിത്രപൊയിൽ-മൂന്നാംമുക്ക് തോട് പ്രധാനമായും മഴക്കാലത്ത് ജലനിർഗമനത്തിന് ഉപയോഗപ്പെടുന്നു. പാനൂരിൽ നിന്ന് നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകുന്ന മൊകേരി വയൽതോട് ചാടാലപ്പുഴയിൽചെന്ന് പതിക്കുന്നു. പന്ന്യന്നൂരിന്റെ കിഴക്കൻമേഖലയിലെ ചിത്രപൊയിൽ താഴെ നിന്നാരംഭിച്ച് കേളോത്ത് പാലം വഴി ഒഴുകുന്ന തോടും മൊകേരി വയൽ തോടിൽ ചേരുന്നു. പന്ന്യന്നൂർ പ്രദേശത്ത് നിന്ന് ആരംഭിച്ച്

തോട്ടുമ്മൽ, വണ്ണാത്തി തോട് വഴി നവോദയ സ്കൂൾ പരിസരത്ത് കൂടി പുഞ്ചവയൽ തോടിലെത്തി കുന്നുമ്മൽ പാലം വഴി കടന്നു പോകുന്ന തോടും ജലനിർഗ്ഗമനത്തിന് ഉപയോഗപ്പെടുന്നു. ഇതിനോടെല്ലാം ചേരുന്ന മറ്റ് നീർച്ചാലുകളും ജലനിർഗ്ഗമന മാർഗ്ഗങ്ങളാണ്. ഇതിൽ പലതും ജലനിർഗ്ഗമനത്തിന് തടസ്സം വന്ന രൂപത്തിലാണിപ്പോൾ. ഇത് ഒരളവ് വരെ വെള്ളപ്പൊക്കത്തിന് കാരണമായി ഭവിക്കുന്നുണ്ട്. ഈ ഗ്രാമപഞ്ചായത്തിലെ എല്ലാ തോടുകളും വേനൽക്കാലമാകുന്നതോടെ വറ്റിവരളുന്നവയാണ്. അതുകൊണ്ട് തന്നെ തടയണകൾകെട്ടി വരൾച്ചാസമയത്ത് ഉപയോഗപ്പെടുത്താൻ സാധിക്കുന്നവയല്ല.

## തനതു വിഭവങ്ങൾ
## ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | ഭൂവിസ്തൃതി | ഹെക്ടർ |
|---|---|---|
| 1 | കൃഷിക്ക്അനുയോജ്യമായ വിസ്തൃതി | 822 |
| 2 | കൃഷി ചെയ്യുന്ന വിസ്തൃതി | 90 |
| 3 | കൃഷിയോഗ്യമല്ലാത്തത് | 1 |
| 4 | തരിശു ഭൂമി | 1 |
| 5 | കാർഷികേതര ഭൂമി | 180 |
| 6 | നെൽവയലുകൾ | 19.5 |
| 7 | കൃഷിചെയ്യുന്ന വിസ്തീർണ്ണം | 5 |
| 8 | കൃഷിക്ക് യോഗ്യമായിട്ടും കൃഷിചെയ്യാത്തത് | 13.5 |
| 9 | കൃഷിയോഗ്യമല്ലാത്തവ | 1 |
| | ആകെ | 1002 |

| ക്രമ നം. | മണ്ണിൻറെ തരം | ശതമാനത്തിൽ | വിസ്തൃതി (ച.കി.മി) |
|---|---|---|---|
| 1 | മണ്ണിൽകലർന്ന ചെമ്മണ്ണ് | 49 | 4.68 |
| 2 | ചരൽകലർന്ന ചെമ്മണ്ണ് | 23.31 | 2.25 |
| 3 | കളിമണ്ണും മണലും കലർന്ന വയൽ മണ്ണ് | 21.48 | 2.213 |
| 4 | മണൽ കലർന്ന വയൽമണ്ണ് | 6.21 | 0.257 |

**വിവിധ കാർഷികവിളകൾ കാലാവസ്ഥയ്ക്കനുസരിച്ച് വിളസമ്പ്രദായം**

**ഒന്നാംവിള,രണ്ടാംവിള,മൂന്നാംവിള എന്നിങ്ങനെ തിട്ടപ്പെടുത്തിയിരിക്കുന്നു**

## ജലസ്ഥിതി

കാലവർഷത്തെ ആശ്രയിക്കുന്ന ജലസ്ഥിതി താഴ്ന്നസമതലങ്ങളിൽ ജലലഭ്യത ഉയർന്നും, ഉയർന്ന പ്രദേശങ്ങളിൽ കുറഞ്ഞും കാണപ്പെടുന്നു. മഴകുറഞ്ഞ ഉയർന്ന പ്രദേശങ്ങളിൽ ജലദൌർലഭ്യം അനുഭവപ്പെടുന്നു. 5541 കിണറുകളും, 111 കുളങ്ങളും ജലസ്രോതസ്സായുണ്ട്. 3 വലിയ തോടുകളും 11 കൈത്തോടുകളും ഉണ്ട്. പഞ്ചായത്തിന്റെ 1,2,3 വാർഡുകളുടെ അതിർത്തിയിൽക്കൂടി പൊന്ന്യം പുഴ ഒഴുകുന്നു.

ലഭ്യമാകുന്ന മഴവെള്ളവും  ഉപരിതല ജല സംഭരണ സ്രോതസുകൾ മുൻനിർത്തിയും ജല ഉപഭോഗത്തിന്റെ തോത് പരിഗണിച്ചുമാണ് ജല ബജറ്റ് തയ്യാറാക്കിയത്. ഇതിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞ വസ്തുതകൾ ഈ റിപ്പോർട്ടിൽ സവിസ്തരം പ്രതിപാതിചിട്ടുണ്ട്. കൃത്യമായ ജല വിനിയോഗ സംരക്ഷണ പ്രവർത്തനങ്ങളിൽ ജനങ്ങൾക്ക് അവബോധം ഉണ്ടായാൽ തന്നെ നമ്മുടെ ഗ്രാമ പഞ്ചായത്ത് ജല സുരക്ഷ (പര്യാപ്ത) പഞ്ചായത്തുകളിൽ ഒന്നായി മാറ്റാൻ കഴിയും.

പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിലെ ജല ലഭ്യതയും ജല ആവശ്യവും പരിഗണിക്കുമ്പോൾ ഒരു ജലമിച്ച ഗ്രാമപഞ്ചായത്ത് ആണെന്ന് കാണാം എങ്കിലും ഏപ്രിൽ മെയ് മാസങ്ങളിൽ കുടിവെള്ളത്തിന് പോലും ചില വാർഡുകളിൽ ക്ഷാമം നേരിടുന്നു. ഇത് ഒരു വിരോധാഭാസമാണെന്ന് കാണാം. സൂക്ഷ്മ ജല സേചന സൗകര്യങ്ങളും മലിന ജനത്തിന്റെ പുനഃ ചംക്രമണവും അവയുടെ ഉപയോഗപ്പെടുത്തലുകളിലൂടെ തരിശ് ഭൂമിയിൽ കൃഷി സജീവമാക്കാനും വ്യാപിപ്പികാനും കഴിയുമെന്നത് നിസ്തർക്കമാണ്. ജല ദൗർലഭ്യമുള്ള മാസങ്ങളിലും കൃഷി ചെയ്യാൻ കഴിയുന്ന സംവിധാനം ഒരുക്കാൻ നമ്മുക്ക് കഴിയും.

പഞ്ചായത്തിൽ പൊതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഒരു ഏക്കർ കുളം യാഥാർഥ്യമാകുന്നതോടെ കൂടുതൽ ജലസേചന സൗകര്യവും കുടിവെള്ള ക്ഷാമവും പരിഹരിക്കാനുള്ള ഒരു വലിയ സ്രോതസായി ഇത് മാറുകയും ചെയ്യും.

പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ ജലക്ഷാമത്തിന് ശാശ്വതപരിഹാരം ഉണ്ടാക്കാൻ ഈ അവതരിപ്പിച്ച ജല ബജറ്റിന് സാധിക്കുമെന്ന് കരുതുന്നു. സുസ്ഥിര വികസന ലക്ഷ്യം മുൻനിർത്തി ഈ പ്രവർത്തനത്തിൽ എല്ലാ കുടുംബത്തിന്റെയും നാട്ടുക്കാരുടെയും അകമഴിഞ്ഞ സഹായവും സഹകരണവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ജലചക്ര പ്രക്രിയയിലൂടെ ശുദ്ധീകരിക്കപ്പെടുന്ന ജലമാണ് ഭൂമിയിലെ അടിസ്ഥാന ജലസ്രോതസുകൾ. സസ്യ സമ്പത്തിന്റെയും ജീവജാലങ്ങളുടെയും നിലനിൽപ്പിന് അത്യന്താപേഷിതമായ ജലസമ്പത്തിന്റെ ആധാരം. പ്രധാനമായി മഴയാണ്. മഴയിലൂടെ ലഭ്യമാകുന്ന ജലം ആവശ്യമുള്ളത്രയും സംഭരിക്കുവാനും ശേഷിക്കുന്നത് ഒഴുക്കി കളയുന്നതിനും ഒക്കെ മണ്ണിൽ തന്നെ സംവിധാനം ഉണ്ട്. മണ്ണിനടിയിലൂടെയും ഉപരിതലത്തിലൂടെയും ജലം ഒഴുകും. ഉപരിതല ജലസ്രോതസ് മണ്ണിന് മുകളിൽ സംഭരിക്കുന്ന ജലവും ഭൂഗർഭ ജലസ്രോതസ് മണ്ണിനടിയിൽ സംഭരിക്കുന്ന ജലസ്രോതസുകളുമാണ്. പുഴ, തോട്, കുളം, കനാൽ എന്നിവയല്ലാം ഉപരിതല ജല സ്രോതസുകളായും , കിണർ, കുഴൽ കിണർ എന്നിവ ഭൂഗർഭ ജലസ്രോതസുകളായും കണക്കാകപ്പെടുന്നു.

പന്ന്യന്നൂരിന്റെ വടക്ക് ഭാഗത്ത് ചാടാലപ്പുഴയാണ്. ആദ്യ കാലങ്ങളിൽ വർഷം മുഴുവൻ ജലം സമൃദ്ധമായി ഒഴികിയിരുന്നു. എന്നാൽ പുഴ ശോഷിച്ച് വരണ്ട് തുടങ്ങിയ കാലത്ത് പെരിക്കോത്ത് ഭാഗത്ത് പുഴയിൽ ചെക്ക് ഡാം നിർമ്മിച്ച ശേഷം വേനൽകാലത്ത് ജല ലഭ്യത ഉണ്ടാവുന്നുണ്ട്. പഴശി ഇരിഗേഷൻ കനാൽ നിലവിൽ പഞ്ചായത്തിലൂടെ ഉണ്ടെങ്കിലും അതിൽ ജലം തുറന്ന് വിടാറില്ല. ചെറുതും വലുതുമായി നിരവധി കുളങ്ങളും തോടുകളും കിണറുകളും ചുരിങ്ങിയ എണ്ണം കുഴൽ കിണറുകളും പ്രധാന ജലസ്രോതസുകളായി കാണപ്പെടുന്നു.

പഞ്ചായത്തിലെ തോടുകൾ

## തോടുകൾ

| | |
|---|---|
| വലിയതോടുകൾ | 2 |
| കൈത്തോടുകൾ | 11 |

വലിയ തോടുകൾ
1) ചിത്രപൊയിൽ തോട്
2) മൊകേരി വയൽ തോട്

കൈതോടുകൾ
1) ചോരക്കുളം തോട്
2) ചെറിയ തോട്
3) എടക്കുളം വയൽ തോട്
4) മനയത്ത് വയൽ പൊന്ന്യം പുഴ തോട്
5) നിട്ടുമ്പ്രം വണ്ണാത്തി തോട്
6) കുണ്ടുകുളങ്ങര നടക്കകത്ത് താഴെ തോട്
7) പുഞ്ചവയൽ തോട്
8) കുറിച്ചിക്കര ഇരങ്ങിക്കുളങ്ങര തോട്
9) പുല്ലേന്റവിട താഴെ മൂന്നാം മുക്ക് തോട്
10) കേളോത്ത് പാലം മൂന്നാം മുക്ക് തോട്
11) പുഞ്ചക്കര തോട്

**ജലസ്രോതസ്സുകൾ**

| | | |
|---|---|---|
| 1 | കിണറുകൾ | 5541 |
| 2 | കുളങ്ങൾ | 111 |
| 3 | വലിയ തോടുകൾ | 3 |
| 4 | കൈത്തോടുകൾ | 11 |
| 5 | പൊതു ടാപ്പുകൾ | 65 |
| 6 | പൊതു കിണർ | 12 |

**പഞ്ചായത്തിലെ കിണറുകളുടെ അവസ്ഥ**

| | വറ്റുന്നത് | വറ്റാത്തത് | ആകെ |
|---|---|---|---|
| കിണർ | 798 | 4743 | 5541 |
| കുളം | 60 | 51 | 111 |

**പൊതു കിണറുകൾ**

1) വലിയപറമ്പ് ലക്ഷം വീട് കോളനി
2) കുന്നോത്ത് പീടികക്ക് സമീപം
3) നവകേരള വായനശാലക്ക് സമീപം
4) കോട്ടയ്ക്കുന്ന് കുളം റോഡിന് സമീപം
5) താഴത്ത് മുക്ക് വായനശാല സമീപം
6) പുതിയടത്ത് മൈലാഡിമൊട്ടക്ക് സമീപം
7) കുറുമ്പക്കാവ് ക്ഷേത്ര സമീപം
8) പെരിയാണ്ടി സ്കൂളിന് സമീപം
9) മേലെ ചമ്പാട് അഞ്ചാം മൈൽ റോഡിന് സമീപം
10) പന്തക്കൽ മനേക്കര റോഡിന് സമീപം
11) പഞ്ചായത്ത് ഓഫീസിന് മുൻവശം
12) നെല്ലിയുള്ളതിൽ ലക്ഷം വീട്

**കാർഷിക വിഭവങ്ങൾ**

| ക്രമ നം. | വിള | വിസ്തൃതി (ഹെക്ടർ) | ഉൽപാദനം | ഉൽപാദന ക്ഷമത |
|---|---|---|---|---|
| 1 | നെല്ല് | 5 | 12000 Kg | 2000 Kg/Ha. |
| 2 | തെങ്ങ് | 77 | 4042500 nuts | 5250 nuts |
| 3 | വാഴ | 30 | 675000 Kg | 22500 Kg |
| 4 | പച്ചക്കറി | 14 | 22500 Kg | 15750 Kg/Ha |
| 5 | മരച്ചീനി | 15 | 45000 Kg | 30000 Kg |
| 6 | കുരുമുളക് | 10 | 8500 Kg | 850 Kg/Ha |
| 7 | കിഴങ്ങ് വർഗ്ഗം | 3 | 42000 Kg | 14000 Kg |
| 8 | ഇഞ്ചി,മഞ്ഞൾ | 7 | 12000 Kg | 2400 Kg |

**മനുഷ്യവിഭവം**

| | |
|---|---|
| ജനസംഖ്യ | 22308 |
| വിസ്തീർണ്ണം | 10.02 (Ha) |
| ജനസാന്ദ്രത | 2226 (ച.കി.മീറ്ററിന് ) |
| സ്ത്രീപുരുഷാനുപാതം | 1000–1220 |
| സാക്ഷരത | 97.34% |
| പുരുഷ സാക്ഷരത | 10677 (98.16%) |
| സ്ത്രീ സാക്ഷരത | 8691 (96.69% |
| നിരക്ഷരർ | 2940 |
| പുരുഷന്മാർ | 1356 |
| സ്ത്രീകൾ | 1584 |
| ജനസംഖ്യ പുരുഷൻ | 10047 |
| സ്ത്രീ | 12261 |
| പട്ടികജാതി ജനസംഖ്യ | 223 |
| പുരുഷൻ | 103 |
| സ്ത്രീകൾ | 120 |

# പൊതു ആസ്തികൾ

## ഗവൺമെന്റ് ഉടമസ്ഥതയിലുള്ളവ

| | | |
|---|---|---|
| സ്കൂൾ | പന്ന്യന്നൂർ ഗവ:LPS | 1 |
| പഞ്ചായത്ത് ഓഫീസ് | മനേക്കര | 1 |
| കൃഷിഭവൻ | മനേക്കര | 1 |
| വില്ലേജ് ഓഫീസ് | മീത്തലെ ചമ്പാട് | 1 |
| ആയുർവ്വേദ ആശുപത്രി | താഴെചമ്പാട് | 1 |
| മൃഗാശുപത്രി | പന്ന്യന്നൂർ | 1 |
| പി.എച്ച്.സി | പന്ന്യന്നൂർ | 1 |
| ഐ.സി.ഡി.എസ് സബ്സെൻറർ | മനേക്കര | 1 |
| ഹോമിയോ ഡിസ്പെൻസറി | മനേക്കര | 1 |
| പി.എച്ച്.സി സബ്സെൻറർ | മീത്തലെ ചമ്പാട് | 1 |
| പോസ്റ്റ് ഓഫീസ് | ചമ്പാട്,പന്ന്യന്നൂർ | 2 |

## മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ

| | | |
|---|---|---|
| മാവേലി സ്റ്റോർ | മനേക്കര | 1 |
| ഇൻഡോർ സ്റ്റേഡിയം | മീത്തലെ ചമ്പാട് | 1 |
| അംങ്കണവാടികൾ | വിവിധ സ്ഥലങ്ങൾ | 18 |
| എയ്ഡഡ് സ്കൂളുകൾ | ഹയർസെക്കൻററി-1<br>യു.പി.സ്കൂൾ-3<br>എൽ.പി.സ്കൂൾ-13 | 17 |
| റേഷൻ ഷോപ്പുകൾ | | 7 |
| കഫേശ്രീ | താഴെചമ്പാട് | 1 |
| പന്ന്യന്നൂർ സർവ്വീസ് സഹകരണ ബാങ്ക് | പന്ന്യന്നൂർ,താഴെചമ്പാട്,മീത്തലെ ചമ്പാട്,താഴെപൂക്കോം | 4 |
| കേരളഗ്രാമീൺ ബാങ്ക് | മീത്തലെ ചമ്പാട് | 1 |
| കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോർ | താഴെചമ്പാട്,മീത്തലെ ചമ്പാട് | 2 |
| ക്ഷീരസഹകരണ സംഘം | മനേക്കര | 1 |

| | | |
|---|---|---|
| അക്ഷയ സെൻറർ | | 3 |
| പൊതുകിണറുകൾ | | 10 |
| പൊതുകുളങ്ങൾ | | 2 |
| വായനശാല | മനേക്കര | 1 |
| സാംസ്കാരിക നിലയം | കോട്ടക്കുന്ന് | 1 |
| ലൈബ്രറി കൌൺസിൽ അഫിലിയേറ്റ് ചെയ്ത വായനശാലകൾ | നവകേരള വായനശാല- താഴെചമ്പാട് | 6 |
| | ഇ.എം.എസ് വായനശാല- മനേക്കര | |
| | കുമാരൻമാസ്റ്റർസ്മാരക പഞ്ചായത്ത് വായനശാല- മനേക്കര | |
| | ചമ്പാട് വായനശാല ഗ്രന്ഥാലയം- മീത്തലെ ചമ്പാട് | |
| | പി ടി കെ അനന്തൻ സ്മാരക വായനശാല- പന്ന്യന്നൂർ | |

**ഭൂവിനിയോഗവും പരിസ്ഥിതിയും:-**

1002 ഹെക്ടർ വിസ്തൃതിയുള്ള പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് അറബിക്കടലിൽ നിന്ന് 7 കിലോമീറ്റർ കിഴക്ക് മാറിയാണ് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിന്റെ ഭൂരിഭാഗവും 20 മീറ്ററിൽ കുറഞ്ഞ ഭൂപ്രദേശമാണ്. പഞ്ചായത്തിൻറെ ഭൂപ്രദേശം 5 ചെറുനീർത്തടങ്ങളിൽ ഉൾപ്പെട്ട് കിടക്കുന്നു. പ്രധാന കൃഷി തെങ്ങാണ്. 720 ഹെക്ടർ സ്ഥലം പുരയിടങ്ങളാണ്. 1980-ന് മുമ്പ് 120 ഹെക്ടർ വയൽപ്രദേശം ഉണ്ടായിരുന്നത് ഇന്ന് 19 ഹെക്ടറായി ചുരുങ്ങിയിരിക്കുന്നു. ഇതിൽ ഭൂരിഭാഗവും തരിശ്ശിട്ടിരിക്കുന്നു. വലിയ പരിശ്രമത്തിൽ മാത്രമേ ശേഷിക്കുന്ന വയൽപ്രദേശങ്ങൾ കൃഷിയോഗ്യമാക്കാൻ സാധിക്കുകയുള്ളൂ.

**പാരിസ്ഥിതിക അവലോകനം :-**

ഭൂപ്രകൃതി അനുസരിച്ച് പന്ന്യന്നൂർ പഞ്ചായത്തിനെ മൂന്ന് മേഖലകളായി തരംതിരിക്കാം. ഉയർന്ന ലാറ്ററേറ്റ് സമതലം, ചരിവ് പ്രദേശം, താഴ്ന്ന സമതലം ഇതിൽ ഉയർന്ന ലാറ്ററേറ്റ് സമതലം 1.72 ചതുരശ്ര കി.മീ(17.16%) ചരിവ്പ്രദേശം 5.21 ച.കി.മീ(51.16%) താഴ്ന്ന സമതലം 2.4ച.കി.മി(24.65%) കൃഷിഭവൻറെ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശവും അമ്ലസ്വഭാവമുള്ള മണ്ണ് ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രധാനമായും മണൽകലർന്ന ചെമ്മണ്ണ് (49%)ചരൾ കലർന്ന ചെമ്മണ്ണ് (23.31%) കളിമണ്ണും മണലും കലർന്ന വയൽമണ്ണ്(21.48%) മണൽകലർന്ന വയൽ മണ്ണ് (6.21%)ആണ്.

**തരം മാറ്റപ്പെടുന്ന ഭൂമിയും പ്രശ്നങ്ങളും :-**

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നീർത്തടങ്ങൾ നികത്തപ്പെട്ട പഞ്ചായത്തുകളിൽ ഒന്നാണ് പന്ന്യന്നൂർ. ജനസാന്ദ്രത കൂടുകയും പുതിയ വീടുകളുടെ ആവശ്യകത ഏറി വരുന്നതും ഇതിന് കാരണമാകുന്നു. കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നു. ഭൂമിയെ ഒരു റിയൽ എസ്റ്റേറ്റ് വസ്തുവായി കാണുന്ന പ്രവണതയും കൂടി വരുന്നു. നെൽകൃഷി നഷ്ടത്തിലാണെന്ന പ്രതീതി പരത്തിക്കൊണ്ടാണ് വൻതോതിൽ വയൽനികത്തി തെങ്ങ് വയ്ക്കാൻ ആരംഭിച്ചത്. നാളികേര കൃഷിയിൽ വലിയ മുന്നേറ്റം നമുക്കുണ്ടായില്ല. വർഷംതോറും പുതിയ കെട്ടിടങ്ങൾ (വീടുകൾ) റോഡ്, കളിസ്ഥലം എന്നിവയുടെ നിർമ്മാണം വഴി ഏക്കർകണക്കിന് ഭൂമി കൃഷി ഭൂമി അല്ലാതെ തരംമാറ്റപ്പെടുന്നു. ഒരു വാർഡിൽ ഒരു വർഷം 10 ലധികം പുതിയ വീടുകൾ നിർമ്മിക്കുന്നുണ്ടെന്നാണ് കണക്ക്. ഒരു വീട് ചുരുങ്ങിയത് 5 സെൻ്റ് ഭൂമിയെങ്കിലും കൃഷിഭൂമി അല്ലാതാക്കുന്നു (തരംമാറ്റം). 15 വാർഡുകളിലായി 150 വീടുകൾ നിർമ്മിക്കുമ്പോൾ തരംമാറ്റപ്പെടുന്നത് 15X10 X5= 750 സെൻ്റ് ഭൂമി (7.5 ഏക്കർ) (3 ഹെക്ടർ) ഭൂമിയാണ്. റോഡുകൾ മറ്റ് പൊതു ആവശ്യങ്ങൾക്ക് തരം മാറ്റപ്പെടുന്നത് വേറെയും. ഇതിൽ നിന്ന് ശേഷിക്കുന്ന ഭൂമി തരം മാറ്റപ്പെടാൻ വർഷങ്ങളെ വേണ്ടി വരൂ.

**നീർത്തടങ്ങൾ:** (1) കുരാറ തോട് നീർത്തടം, (2)പാന്നൂർ നീർത്തടം, (3)പാലായിതോട്, (4) നിടുമ്പ്രം വണ്ണാത്തിതോട് നീർത്തടം, (5) മനേക്കര നീർത്തടം എന്നിങ്ങനെ 5 ചെറുനീർത്തടങ്ങൾ ഉണ്ട്.

1. **കുരാറത്തോട് നീർത്തടം:-** പന്ന്യന്നൂർ, മൊകേരി, പാട്യം കതിരൂർ പഞ്ചായത്തുകളിൽ വ്യാപിച്ചുകിടക്കുന്ന തലശ്ശേരി പുഴ (പൊന്ന്യം പുഴ) നദീതടത്തിൻറെ ഉപനീർത്തടമാണ്. പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ 1,2,3,4,5 ഈ ഉപനീർത്തടം ബന്ധപ്പെടുന്നു. മനയത്ത് വയൽ, താഴെ ചമ്പാട് വാർഡുകൾ പൂർണ്ണമായും, മറ്റ് വാർഡുകൾ ഭാഗികമായും ഉൾപ്പെട്ടിരിക്കുന്നു. 847.8 ഹെക്ടറുള്ള നീർത്തടത്തിൻറെ നാലിൽ ഒരു ഭാഗത്തി ൽ അല്പം കൂടുതലായി നമ്മുടെ പഞ്ചായത്തും ഉൾപ്പെടും.

2. **പാന്നൂർ നീർത്തടം:-** കുന്നോത്ത് പറമ്പ് പഞ്ചായത്തിൽ മൊകേരി,പാന്നൂർ, പന്ന്യന്നൂർ പഞ്ചായത്ത് എന്നിവിടങ്ങളിൽ വ്യാപിച്ചുകിടക്കുന്ന പാന്നൂർ നീർത്തടമാണിത്. പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ അരയാക്കൂൽ,കിഴക്കെ ചമ്പാട്, കുണ്ടുകുളങ്ങര, കോട്ടക്കുന്ന് വാർഡുകൾ ഈ നീർത്തടത്തിൽപ്പെടുന്നു. ഈ നീർത്തടത്തിൻറെ വിസ്തീർണ്ണം 437.2 ഹെക്ടറാണ്. ഈ പഞ്ചായത്തിലെ ഉയർന്ന പ്രദേശമായ കോട്ടക്കുന്നിലെ വടക്കെ ചരിവിൽ നിന്ന് ഗുരുസന്നിധി മൊകേരി വയൽ തോടിലേക്ക് ഒഴുകുന്ന നീരൊഴുക്ക് പ്രദേശമാണിത്.

3. **പാലാഴി തോട് നീർത്തടം:-** ചൊക്ലി,ഒളവിലം, മേനപ്രം, പെരിങ്ങളം പ്രദേശം ഉൾക്കൊള്ളുന്ന താരതമ്യേന വിശാലമായ പ്രദേശമാണിത്. മാഹിപ്പുഴ ഈ നീർത്തടത്തിൻറെ അതിർത്തി പങ്കിടുന്ന വളരെ ചെറിയ സ്ഥലം മാത്രമെ ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നുള്ളൂ. പഞ്ചായത്തിൻറെ തെക്കെ അതിർത്തിയായ, പെരിയാണ്ടി മുതൽ മൈലാടിമൊട്ട പൂക്കോം വരെ പോകുന്ന റോഡിൻറെ തെക്ക് കിഴക്ക് ഭാഗത്തേക്ക് ഒഴുകിപോകുന്ന നീരൊഴുക്കാണിത്. മൈലാടിമൊട്ടക്കും പൂക്കോത്തിനുമിടയിൽ ഏതാനും പുഴയിടങ്ങളുടെ ഭാഗം മാത്രമാണ് ഈ നീർത്തടത്തിലുള്ളത്. അതുകൊണ്ട് 4-ൽ 3-ൽ 2 മുതൽ 4-ൽ 3-ൽ 14 വരെയുള്ള അധ്യായങ്ങൾ ബാധകമല്ല.

4. **നിടുമ്പ്രം വണ്ണാത്തിത്തോട് :-** നിടുമ്പ്രം വണ്ണാത്തിത്തോട് നീർത്തടത്തിൽ ഭൂരിഭാഗവും പന്ന്യന്നൂർ പഞ്ചായത്തിൽ ഉൾപ്പെട്ടതാണ്. പഞ്ചായത്തിൻറെ പന്ന്യന്നൂരിൻറെ തെക്ക് ഭാഗത്ത് നിന്നും ഉത്ഭവിച്ച പന്ന്യന്നൂർ പഴയ ബാങ്ക് വഴി നിറം ക്ലബ്ബ് വഴി വണ്ണാത്തിതോട് നവോദയ വഴി പുഞ്ചക്കര വയൽ മൂന്നാം മുക്കിൽ ചേരുന്ന ഒരു തോടും, ചിത്രപൊയിൽ താഴെ മുതൽ മനേക്കര വഴി മൂന്നാംമുക്കിൽ ചേരുന്ന ചിത്രപൊയിൽ പുഞ്ചവയൽ തോടും, ഈ നീർത്തടത്തിലെ പ്രധാന

തോട്ടുകളാണ്. മൈലാടി മൊട്ടക്ക് തെക്ക് പടിഞ്ഞാറ് ഭാഗത്തുള്ള വെള്ളവും ചൊക്ലി പഞ്ചായത്തിലെ നിട്ടുമ്പ്രം വയലിൻറെ ഭാഗവും ഈ നീർത്തടത്തിൽ ഉൾപ്പെട്ടതാണ്. പാറപൊയിൽ കുനിയിൽ പുഞ്ചക്കര മൂന്നാംമുക്ക് തോട്ടം ഇതിൽ ഉൾപ്പെട്ടുന്നു.

5. **മനേക്കര നീർത്തടം:** –പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ ഏറ്റവും വിസ്തൃതിയുള്ള നീർത്തടമാണിത്. ഈ നീർത്തടത്തിലെ ഏതാനും ഹെക്ടർ സ്ഥലം മാത്രം പെരിങ്ങളം പഞ്ചായത്തിലും ബാക്കി മഹാഭൂരിഭാഗവും പന്ന്യന്നൂർ പഞ്ചായത്തിലും ഉൾപ്പെട്ടതാണ്. പഞ്ചായത്തിൻറെ കിഴക്കെ അതിർത്തിയായ പെരിങ്ങളം പഞ്ചായത്തിനോട് ചേർന്നു കിടക്കുന്ന ചിത്രപൊയിൽ, മാക്കുനി, പൊന്ന്യംപാലം വരെ നീണ്ടു കിടക്കുന്ന വടക്കെ പന്ന്യന്നൂർ അരയാക്കൂൽ, കിഴക്കെ മനേക്കര (പഞ്ചായത്ത് ഓഫീസ് പരിസരം) പടിഞ്ഞാറെ മനേക്കര, പുഞ്ചക്കര എന്നീ പ്രദേശങ്ങളും ഈ നീർത്തടത്തിൽ ഉൾപ്പെട്ടുന്നു.പൊതുവെ കാർഷിക സമൃദ്ധമായി വളരുന്ന ഒരു പ്രദേശമായിരുന്നു പന്ന്യന്നൂർ. 183 കുളങ്ങളും 15 ഓളം തോട്ടുകളും ഒഴുകിക്കൊണ്ട് ജലസമൃദ്ധമായിരുന്നു നമ്മുടെ പഞ്ചായത്ത്. ഇന്നത്തെ കുളങ്ങളുടെ എണ്ണം 39 ആയി കുറഞ്ഞിരിക്കുകയാണ്. നീരൊഴുക്കുകൾ തടസ്സപ്പെട്ടുന്ന രീതിയും, കളകളും മഞ്ഞപ്പുല്ലും കൊണ്ട് മൂടിയിരിക്കുന്നു - കൃഷിയിടങ്ങൾ തരിശ്ശിടുന്നത് കാരണം അത് മാലിന്യം നിക്ഷേപിക്കാനുള്ള സ്ഥലമായി ജനങ്ങൾകാണുന്നു. തോട്ടുകളും വയൽപ്രദേശങ്ങളും പ്ലാസ്റ്റിക് കുപ്പികളും മറ്റ് ഗാർഹിക മാലിന്യങ്ങളും വലിച്ചെറിയാനുള്ള സ്ഥലമായി മാറിയിരിക്കുന്നു. നെൽവയലുകൾ തരിശ്ശിടുകയോ, നികത്തപ്പെടുകയോ ചെയ്യുന്നത്കൊണ്ടും പുരയിടങ്ങളിൽ ശാസ്ത്രീയമായ മണ്ണ് ജലസംരക്ഷണം നടക്കാത്തത് കൊണ്ടും നമ്മുടെ പഞ്ചായത്തിലെ ഭൂഗർഭജലം ആശങ്കാജനകമായി താണുകൊണ്ടിരിക്കുന്നു. പുഴക്കരയിലും തോട്ടുവക്കിലും താമസിക്കുന്നവർ വീട്ടിലെ മലിനജലം തോടിലും, പുഴയിലും വഴിവക്കിലും ഒഴുക്കി വിടുന്ന പ്രവണത അവസാനിപ്പിച്ചിട്ടില്ല. ബോധവത്ക്കരണ പ്രവർത്തനങ്ങൾ അതിൻറെ പാരമ്യത്തിൽ എത്തിയിട്ടുണ്ട്. ഇത്തരം പ്രവണതകൾ തുടരുന്നുണ്ട് എങ്കിൽ അധികൃതരുടെ ഭാഗത്ത് നിന്ന് കൃത്യമായ നടപടി ഉണ്ടാകാത്തതാണ് എന്ന് അനുമാനിക്കേണ്ടി വരും.

വൃത്തിയുള്ള സ്ഥലങ്ങളിൽ മാലിന്യം തള്ളാൻ മടിക്കും-അതുകൊണ്ട് എൻറെ ഗ്രാമം സുന്ദരഗ്രാമം പദ്ധതി തരിശ് രഹിത പന്ന്യന്നൂർ എന്ന പദ്ധതി അതിൻറെ അന്തസത്ത ചോർന്ന് പോകാതെ നടപ്പാക്കലാണ് ഏക പരിഹാരം.